# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1182 20.03.2012 - ൽ മറുപടിക്ക്**

## 1000 കിലോമീറ്റർ റോഡുകളുടെ നവീകരണപ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി. ചെന്താമരാക്ഷൻ :** | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ 1000 കിലോമീറ്റർ റോഡുകളുടെ നവീകരണ പ്രവർത്തനം നടത്തി ഉന്നതനിലവാരത്തിലാക്കുന്ന പ്രവൃത്തി ഏതുഘട്ടം വരെയായെന്നു വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 1000 കിലോമീറ്റർ റോഡുകൾ അടുത്ത 5 വർഷത്തിനുള്ളിൽ ലോകോത്തര നിലവാരത്തിൽ വികസിപ്പിക്കുന്ന പദ്ധതിയുടെ സാധ്യതാ പഠനം നടത്തുന്നതിനായി ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന വിൽബർസ്മിത്ത് അസോസിയേറ്റ്സ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി സർക്കാർ ഉടമസ്ഥതയിലുള്ള ഒരു കമ്പനി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നിർദ്ദിഷ്ട കമ്പനിയുടെ മെമ്മോറാണ്ഡം ഓഫ് അസോസിയേഷനും, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും അംഗീകരിക്കുകയും കമ്പനി രൂപീകരണത്തിനുള്ള അപേക്ഷ കമ്പനി രജിസ്ട്രാർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തിയിൽ നിലവിൽ ഏതെല്ലാം റോഡു - കളെയാണ് ഉൾപ്പെടുത്തിയി - ട്ടുള്ളത് ; | (ബി) | അന്തിമ തീരുമാനം ആയിട്ടില്ല. |
| (സി) | നെന്മാറ മണ്ഡലത്തിലെ മംഗലം - ഗോവിന്ദാപുരം റോഡ് പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുത്തി നവീകരണ പ്രവർത്തനം നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ? | (സി) | പ്രത്യേകമായി നിയമിക്കപ്പെട്ട കൺസൾട്ടന്റ് നിശ്ചിത മാനദണ്ഡ-മനുസരിച്ച് തയ്യാറാക്കിയ സാധ്യതാ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റോഡുകൾ തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.